പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1225 | 31.10.2019- ൽ മറുപടിക്ക്

## <u>ഹരിപ്പാട് വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) വലിയഴീക്കൽ പാലത്തിന് 37 മീറ്റർ നീളമുള്ള 13 സ്പാനുകളും 110 മീറ്റർ നീളമുള്ള മൂന്ന് സ്പാനുകളുമാണ് ഉള്ളത്. 37 മീറ്റർ നീളമുള്ള 12 സ്പാനുകൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തുവാനുള്ളത്; | (ബി) അഴിമുഖത്തേയ്ക്കുള്ള മൂന്ന് 110 മീറ്റർ സ്പാനുകളുടെ നിർമ്മാണവും, 37 മീറ്റർ നീളമുള്ള ഒരു സ്പാനിന്റെ നിർമ്മാണവും, ഇരുകരകളിലേയും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കാനുണ്ട്. അപ്രോച്ച് റോഡിനും പാലം നിർമ്മാണത്തിനുമായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി സ്ഥലം ലഭ്യമാക്കുമ്പോൾ അപ്രോച്ച് റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയും. |
| (സി) പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) 2020 ഡിസംബർ മാസം പൂർത്തീകരിക്കാവുന്ന വിധത്തിലാണ് നിർമ്മാണം പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ